ഉത്തരം

(എ) പതിനേഴ് എണ്ണം

(ബി) അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി) ഇല്ല.

(ഡി) ഉത്തരം (സി)യുടെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

എക്സൈസ് വകുപ്പിലെ വനിതാ ഗാർഡുകളുടെ നിയമനം

41 (1836) ശ്രീ. പി. എസ്. സുപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എക്സൈസ് വകുപ്പിൽ വനിതാ ഗാർഡുകളെ നിയമിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇവരെ നേരിട്ടാണോ വകുപ്പുതല മാറ്റം മുഖേനയാണോ നിയമിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) എക്സൈസ് വകുപ്പിൽ വനിതാ ഗാർഡുകളെ നിയമിക്കുന്നതിനുള്ള നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലാണ്.

(ബി) നിയമന രീതി തീരുമാനമായിട്ടില്ല.

ഗുണമേന്മയുള്ള ഭക്ഷ്യ സാധനങ്ങൾ വിൽക്കാൻ നടപടി

42 (1837) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്ക്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പൊതുവിതരണ കേന്ദ്രങ്ങളിൽ ഗുണമേന്മയുള്ള ഭക്ഷ്യധാന്യങ്ങൾ വില്പന നടത്താൻ എന്തൊക്കെ നടപടി സ്വീകരിച്ചു എന്നും എന്തൊക്കെ മേൽ നടപടി സ്വീകരിക്കും എന്നും വിശദമാക്കാമോ ;

(ബി) പൊതുവിതരണ കേന്ദ്രങ്ങളിലൂടെ ഏതെല്ലാം ഭക്ഷ്യധാന്യങ്ങളാണ് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിതരണം ചെയ്യുന്നതെന്നും ഓരോന്നിന്റെയും വില ഒരു കിലോയ്ക്ക് എത്രയാണെന്നും വ്യക്തമാക്കുമോ ;

(സി) പൊതുവിതരണ കേന്ദ്രങ്ങൾ വഴി വിതരണം ചെയ്യുന്ന ഭക്ഷ്യ ധാന്യങ്ങളുടെ അതേ ഗുണനിലവാരമുള്ള ഭക്ഷ്യധാന്യങ്ങൾക്ക് പൊതു വിപണിയിലെ വില എത്രയാണെന്ന് വിശദമാക്കുമോ ;

(ഡി) പൊതുവിതരണ കേന്ദ്രങ്ങളിലെ ഭക്ഷ്യധാന്യങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്താനും കൃത്യമായ അളവും തൂക്കവും ഉറപ്പുവരുത്താനും എന്തൊക്കെ നടപടി സ്വീകരിച്ചു എന്ന് വിശദമാക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാനത്തെ പൊതുവിതരണ കേന്ദ്രങ്ങളിൽ കൂടി ഗുണനിലവാരമുള്ള ഭക്ഷ്യധാന്യങ്ങൾ കാർഡുടമകൾക്ക് വിതരണം നടത്തുന്നുണ്ടെന്ന് ഉറപ്പു വരുത്തുവാൻ എല്ലാതലങ്ങളിലും നിരന്തരം ജാഗ്രത പുലർത്തി വരുന്നുണ്ട്. ഫുഡ് കോർപ്പറേഷൻവഴി ലഭിക്കുന്ന ഭക്ഷ്യ ധാന്യങ്ങൾ പരിശോധിച്ച് വിതരണ യോഗ്യമാണെന്ന് ഉറപ്പു വരുത്തിയശേഷം മാത്രമേ റേഷൻ കടകൾ വഴി വിതരണം നടത്താവൂ എന്നും ഗുണനിലവാരമില്ലാത്ത ഭക്ഷ്യധാന്യങ്ങൾ ഒരു കാരണവശാലും വിതരണത്തിനെടുക്കരുതെന്നും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ഗുണനിലവാരമുള്ള ഭക്ഷ്യധാന്യങ്ങൾ മാത്രം വിതരണം ചെയ്യണമെന്ന് കേന്ദ്ര സർക്കാരിനോടും ഫുഡ് കോർപ്പറേഷനോടും നിരന്തരം ആവശ്യപ്പെടുന്നുമുണ്ട്. ഭക്ഷ്യ വകുപ്പുമന്ത്രി സിവിൽ സ്പ്ലൈസ് വകുപ്പിലേയും ഫുഡ് കോർപ്പറേഷനിലേയും ഉദ്യോഗസ്ഥരുടെ യോഗം ഇടയ്ക്കിടെ വിളിച്ചു ചേർത്ത് ഭക്ഷ്യധാന്യങ്ങളുടെ ഗുണനിലവാരം വിലയിരുത്തുകയും എല്ലാ പ്രശ്നങ്ങളും ചർച്ച ചെയ്ത് പരിഹാരം കാണുകയും ചെയ്യുന്നുണ്ട്. ഫുഡ് കോർപ്പറേഷനിൽ നിന്നും വ്യാപാരികൾ എടുക്കുന്ന ഭക്ഷ്യ ധാന്യങ്ങളുടെ സാമ്പിൾ പായ്ക്കറ്റുകൾ കാർഡുടമകളുടെ അറിവിലേക്കായി പ്രദർശിപ്പിക്കുമെന്ന് ഉറപ്പുവരുത്തണമെന്ന് എല്ലാ ജില്ലാ സപ്ലൈ ഓഫീസർമാർക്കും താലൂക്ക് സപ്ലൈ ഓഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുമുണ്ട്.

(ബി) പൊതുവിതരണ കേന്ദ്രങ്ങളിലൂടെ വിതരണം ചെയ്യുന്ന അരി, ഗോതമ്പ് എന്നീ ഭക്ഷ്യധാന്യങ്ങളുടെ വില ചുവടെ ചേർക്കുന്നു.

അരി	കിലോഗ്രാമിന്
എ. പി. എൽ.	8.90 രൂപ
ബി. പി. എൽ.	6.20 രൂപ
എ. എ. വൈ.	3.00 രൂപ
അന്നപൂർണ്ണ	സൗജന്യം
ഗോതമ്പ്	6.70 രൂപ

(സി) പൊതുവിപണിയിൽ അരി, ഗോതമ്പ് എന്നിവയുടെ ശരാശരി വില ചുവടെ ചേർക്കുന്നു.

അരി	13 രൂപ 50 പൈസ മുതൽ 13 രൂപ 80 പൈസ വരെ
ഗോതമ്പ്	10 രൂപ മുതൽ 13 രൂപ വരെ

(ഡി) പൊതുവിതരണ കേന്ദ്രങ്ങൾ വഴി വിതരണം ചെയ്യുന്ന ഭക്ഷ്യധാന്യങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്താൻ സ്വീകരിച്ച നടപടികൾ മുകളിൽ പ്രതിപാദിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

കൃത്യമായ അളവിലും തൂക്കത്തിലും റേഷൻ സാധനങ്ങൾ വിതരണം ചെയ്യുന്നുണ്ടെന്ന് ഉറപ്പുവരുത്തണമെന്ന് എല്ലാ ജില്ലാ സപ്ലൈ ഓഫീസർമാർക്കും താലൂക്ക് സപ്ലൈ ഓഫീസർ/സിറ്റി റേഷനിംഗ് ഓഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കുന്നുണ്ടോയെന്ന് ജില്ലാ സപ്ലൈ ഓഫീസർമാരുടെ യാത്രാ വിവരണ പുസ്തകം പരിശോധിച്ച് ഉറപ്പു വരുത്തുകയും പ്രതിമാസ യോഗങ്ങളിൽ അവലോകനം നടത്തുകയും ചെയ്യുന്നുണ്ട്.

കേന്ദ്ര സർക്കാർ അനുവദിക്കുന്ന അരിയുടെ വിനിയോഗം

43 (1838) ശ്രീ. വി. കെ. സി. മമ്മത്കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്ക്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സ്വയം മറുപടി നൽകുമ്മാ :

(എ) വരൾച്ചബാധിത സംസ്ഥാനം എന്ന നിലയ്ക്ക് കേന്ദ്ര സർക്കാർ കേരളത്തിന് എത്ര ടൺ അരി നൽകുമെന്ന് വ്യക്തമാക്കുമോ ;

(ബി) ഇപ്രകാരം ആവശ്യമായ അരി ലഭിച്ചിട്ടുണ്ടോ ; എങ്കിൽ എത്ര ടൺ അരി ലഭ്യമാക്കിയിട്ടുണ്ട് ;

(സി) ഇപ്രകാരം ലഭിച്ചിട്ടുള്ള അരി വരൾച്ചബാധിത പ്രദേശങ്ങൾ, പട്ടിണിമരണ കേന്ദ്രങ്ങൾ, ആദിവാസി മേഖലകൾ എന്നിവിടങ്ങളിൽ സൗജന്യമായാണോ വിതരണം ചെയ്തത് ; എങ്കിൽ ഏതെല്ലാം കേന്ദ്രങ്ങളിൽ വിതരണം ചെയ്തിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ;

(ഡി) സൗജന്യറേഷൻ ഏതെല്ലാം കേന്ദ്രങ്ങളിൽ അനുവദിക്കുന്നുണ്ടെന്നും എത്രപേർക്ക് ഇതിന്റെ പ്രയോജനം ലഭിക്കുന്നുണ്ടെന്നും വ്യക്തമാക്കുമോ ;

(ഇ) മാറാട് കൂട്ടക്കൊലയുമായി ബന്ധപ്പെട്ട് ദുരിതമനുഭവിക്കുന്നവർക്കും വീടു വിട്ടുപോകേണ്ടി വന്നവർക്കും സൗജന്യറേഷൻ നൽകിയിട്ടുണ്ടോ ; ഇല്ലെങ്കിൽ ഇക്കാര്യം പരിഗണിക്കാമോ ?

ഉത്തരം

(എ&ബി) സമ്പൂർണ്ണ ഗ്രാമീണ റോസ്ഗാർ യോജന (എസ്. ജി. ആർ. വൈ) സ്പെഷ്യൽ കമ്പോണന്റ് സ്കീം അനുസരിച്ച് സംസ്ഥാനത്ത് വരൾച്ചബാധിത ജില്ലകളിൽ അധിക വേതന തൊഴിൽ സൃഷ്ടിക്കുന്നതിനായി കേന്ദ്ര ഗ്രാമ വികസന മന്ത്രാലയം സംസ്ഥാനത്തിന് മൂന്നു ഗഡുക്കളായി മൊത്തം 77000 മെട്രിക് ടൺ അരി അനുവദിച്ചിട്ടുണ്ട്.

(സി&ഡി) എസ്.ജി.ആർ.വൈ സ്പെഷ്യൽ കമ്പോണന്റ് സ്കീം അനുസരിച്ച് സംസ്ഥാനത്തെ പതിനാല് ജില്ലകളിലെ വരൾച്ചബാധിത പ്രദേശങ്ങളിലെ ഗ്രാമീണർക്ക് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് ജോലിക്ക് കൂലി ഭക്ഷണം എന്ന സ്കീം നടപ്പിലാക്കുന്നതിനാണ് മേൽപ്പറഞ്ഞ ഭക്ഷ്യധാന്യം അനുവദിച്ചത്. ഈ പദ്ധതി പ്രകാരം ലഭിക്കുന്ന ഭക്ഷ്യധാന്യങ്ങൾ അധികവേതന തൊഴിൽ സൃഷ്ടിക്കുന്നതിനാണ് വിനിയോഗിക്കേണ്ടത്. ഈ പദ്ധതിയുടെ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം ഭക്ഷ്യധാന്യങ്ങൾ സൗജന്യ റേഷനായി നൽകാൻ വ്യവസ്ഥയില്ല.

LIBRARY ARCHIVES Kerala Legislative Assembly